**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ - ജീവൻ ബാബു.കെ, ഐ.എ.എസ്**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം- വി.എച്ച്.എസ്.ഇ – ജീവനക്കാര്യം- ഗവ:വൊക്കേഷണൽ ഹയർ സെക്കണ്ടറി വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ 2019-20 വർഷത്തെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

---

**ജീവനക്കാര്യം (ഇ5) വിഭാഗം**

**ഇ5/2155/19(1)** **തിരുവനന്തപുരം, തീയതി 10/12/2019**

---

പരാമർശം:-1. 25.02.2017 തീയതിയിലെ ജി.ഒ.(പി)നം.3/2017/ഉ.ഭ പ.വ നമ്പർ സർക്കാർ ഉത്തരവ്
2. 28.03.18 തീയതിയിലെ സ.ഉ.(സാധ)നം.1271/2018/പൊ.വി.വ
3. 5.3.2019 തീയതിയിലെ GEDN/SC2/13/2019-GEDN നമ്പറിലുള്ള സർക്കാർ കത്ത്.
4. 5.3.2019 തീയതിയിലെ ഈ ഓഫീസിലെ ഇ7/10750/2018 നം. പൊതുസ്ഥലം മാറ്റ വിജ്ഞാപനം.
5. 25.7.2019, 1.8.19 എന്നീ തീയതികളിലെ ഈ ഓഫീസിലെ ഇ7/10750/18 നം.സർക്കുലറുകൾ.

**ഉത്തരവ്**

പരാമർശം (2) പ്രകാരം വി.എച്ച്.എസ്.ഇ വകുപ്പിലെ പൊതുസ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം നിർണ്ണയിച്ച് സർക്കാർ ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം അംഗീകരിക്കപ്പെട്ട 2018-19 അദ്ധ്യയന വർഷത്തിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി 2019 ലെ പൊതുസ്ഥലംമാറ്റ നടപടികൾ സ്വീകരിക്കാൻ പരാമർശം (3) പ്രകാരം സർക്കാർ നിർദ്ദേശം ലഭിച്ചിരുന്നു. ടി നിർദ്ദേശമനുസരിച്ച് പരാമർശം (4) പ്രകാരം 2019 ലെ പൊതുസ്ഥലംമാറ്റം വിജ്ഞാപനം വകുപ്പ് പുറപ്പെടുവിച്ചിരുന്നു. 31.08.2019 ന് മൂന്ന് വർഷം ഒരു സ്റ്റേഷനിൽ പൂർത്തിയാക്കിയവരെ Open vacancy ആയി കണക്കാക്കി 6.06.2019-ന് കരട് വേക്കൻസി ലിസ്റ്റും 19.06.19 ന് പുതുക്കിയ കരട് വേക്കൻസി ലിസ്റ്റും ഒഴിവുകൾ സംബന്ധിച്ച പരാതികൾ പരിഹരിച്ചതിനുശേഷം 25.07.2019-ന് അന്തിമ വേക്കൻസി ലിസ്റ്റും പ്രസിദ്ധീകരിച്ചു. ഇതനുസരിച്ച് പരാമർശം (5) പ്രകാരം 2019-20 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനായി 26.07.2019 മുതൽ 03.08.2019 വരെ online മുഖേന അപേക്ഷ ക്ഷണിച്ചിരുന്നു. ആയതുപ്രകാരം ലഭിച്ച അപേക്ഷയിന്മേലുള്ള കരട് റാങ്ക് ലിസ്റ്റ് 22.8.2019 ന് പ്രസിദ്ധീകരിച്ചു. ഇതിൻമേൽ ലഭിച്ച പരാതികളും ആക്ഷേപങ്ങളും പരിശോധിച്ച് പരിഹരിച്ച് പുതുക്കിയ കരട് റാങ്ക് ലിസ്റ്റും കരട് സ്ഥലംമാറ്റ പട്ടികയും 19.9.2019 ന് പ്രസിദ്ധീകരിച്ചു. ഇതിൻമേലുള്ള പരാതികൾ ഇ- മെയിൽ മുഖേന സമർപ്പിക്കുന്നതിന് 24.09.2019 വൈകുന്നേരം 4 മണിവരെ സമയം അനുവദിച്ചിരുന്നു.

നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമർപ്പിച്ച എല്ലാ പരാതികളും വിശദമായി പരിശോധിക്കുകയും മാനദണ്ഡപ്രകാരം അർഹമാണെന്ന് കണ്ടെത്തിയ അപാകതകൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ ഡാറ്റ ബന്ധപ്പെട്ട പ്രിൻസിപ്പൽ പരിശോധിച്ച് ഫോർവേർഡ് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ട്രാൻസ്ഫർ പ്രോസസ് ചെയ്തിട്ടുള്ളത്. കൂടാതെ വൊക്കേഷണൽ ഇൻസ്ട്രക്ടർമാർ അപേക്ഷയിൽ അവകാശപ്പെട്ട മുൻഗണന തെളിയിക്കുന്ന രേഖകളുടെയും ആയതിൻമേൽ പ്രിൻസിപ്പൽ നൽകിയ ശുപാർശയുടെയും അടിസ്ഥാനത്തിലാണ് മുൻഗണന നൽകിയിട്ടുള്ളത്. ഏതെങ്കിലും വൊക്കേഷണൽ ഇൻസ്ട്രക്ടർമാർ തെറ്റായ വിവരങ്ങൾ നൽകി മുൻഗണന ആവശ്യപ്പെട്ട് അനർഹമായി സ്ഥലംമാറ്റം നേടിയിട്ടുള്ളതായി പിന്നീട് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം പ്രസ്തുത സ്ഥലംമാറ്റം റദ്ദ് ചെയ്യുന്നതും, തെറ്റായ വിവരങ്ങൾ സമർപ്പിച്ച വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്കും, ആയത് ശുപാർശ ചെയ്ത പ്രിൻസിപ്പാളിനുമെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.

നിലവിൽ പ്രസവാവധിയിൽ പ്രവേശിച്ചവർ, 60% ത്തിൽ കൂടുതൽ അംഗപരമിതരായവർ, ഓട്ടിസം ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾ, മാതൃജില്ലയിൽ അഞ്ച് വർഷം പൂർത്തിയാക്കാത്ത മുൻഗണനാവിഭാഗക്കാർ തുടങ്ങിയവർ online പൊതു സ്ഥംമാറ്റ അപേക്ഷയിൽ ടി മുൻഗണനയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡമനുസരിച്ച് പൊതുസ്ഥലംമാറ്റത്തിൽ പരിഗണന നൽകിയിട്ടുണ്ട്. നിലവിൽ 31.08.19-ന് ആകെ സർവ്വീസ് 2 വർഷം മാത്രം പൂർത്തിയാക്കിയ ഹിൽസ്റ്റേഷനിൽ തുടരുന്നവരുടെയും അപേക്ഷകൾ പൊതുസ്ഥലംമാറ്റത്തിന് പരിഗണിച്ചിട്ടുണ്ട്. ഒരു അദ്ധ്യാപകന് ഓൺലൈൻ അപേക്ഷയിൽ എത്ര ഓപ്ഷൻ വേണമെങ്കിലും നൽകാമെന്നു പരാമർശം (5) പ്രകാരമുള്ള സർക്കുലറിൽ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇത് പ്രയോജനപ്പെടുത്താതെ പരിമിതമായ ഓപ്ഷനുകൾ നൽകിയതുകാരണം ചില അദ്ധ്യാപകർക്ക് (നിലവിൽ ജോലി ചെയ്യുന്ന ഇവരുടെ സ്കൂളിലേക്ക് മറ്റു യോഗ്യരായവർ വന്നതിനാൽ) ടിയാളുകളുടെ ഓപ്ഷൻ അല്ലാത്ത സ്കൂളിലേക്ക് സ്ഥലം മാറ്റം ലഭ്യമായിട്ടുണ്ട്. തൃപ്തികരമായ നിയമനം ഇനിയും ലഭിക്കാത്ത ജീനക്കാരുണ്ടെങ്കിൽ അവർക്ക് പൊതുസ്ഥലമാറ്റത്തിന്റെ ഭാഗമായുള്ള ക്രമീകരണ സ്ഥലമാറ്റത്തിന് അപേക്ഷ നൽകുന്നതിനുള്ള അവസരമുണ്ടായിരിക്കും. മേൽ സാഹചര്യത്തിൽ ഗവ:വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ വൊക്കേഷണൽ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ പൊതുസ്ഥലം മാറ്റം അന്തിമ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസ് ഉത്തരവ് തീയതിയായ 10-12-2019 പ്രാബല്യത്തിൽ നടപ്പിലാക്കി ഉത്തരവാകുന്നു.

വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ തസ്തികയിലെ താഴെപറയുന്ന വൊക്കേഷണൽ ഇൻസ്ട്രക്ടർമാർ സ്ഥലം മാറ്റം ലഭിച്ച സ്കൂളിൽ അടിയന്തിരമായി ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ സ്ഥലം മാറ്റം ലഭിച്ച വൊക്കേഷണൽ ഇൻസ്ട്രക്ടർമാരെ 11-12-2019 തീയതിയിൽ തന്നെ വിടുതൽ ചെയ്യേണ്ടതാണ്. ടിയാളുകളെ ജോലിയിൽ പ്രവേശിപ്പിച്ച ശേഷം ജോയിനിംഗ് റിപ്പോർട്ട് ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ തസ്തികയിലെ ശ്രീമതി അനില വി.എ. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണ

ലിൽ ഫയൽചെയ്ത OA No. 1946/19 കേസിന്റെ അന്തിമ വിധി അനുസരിച്ച് ശ്രീ റനീഷ് ഒ.എം., ശ്രീമതി അമ്പിളി ടി.ജി., ശ്രീമതി നിമിഷ ദേവദാസ്, ശ്രീമതി ദിവ്യ കെ., ശ്രീമതി പ്രസീദ പി., ശ്രീമതി അനില വി.എ. എന്നിവരുടെ പൊതുസ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതായിരിക്കും.

**Vocational Instructor in MLT**

| Teacher ID | Name of Employee | Present school | School to which transferred |
|---|---|---|---|
| 2042 | Risimol E.S. | GVHSS, Valappad | GVHSS for Girls, Tirur, BP Angadi |
| 1072 | Arun P. Sankar | GVHSS, Perinthalmanna | GVHSS, Valappad |
| 2536 | Anshad A. | GVHSS for Girls, Tirur, BP Angadi | GVHSS for Boys, Kollam |
| 1471 | Lissimol A. | GM VHSS, Ambalappuzha | GVHSS, Perinthalmanna |
| 1295 | Salikumar S. | GVHSS, Karunagapally | GMVHSS, Ambalappuzha |

(ഒപ്പ്)
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താക്കൾ

1. ബന്ധപ്പെട്ട വൊക്കേഷണൽ ഇൻസ്ട്രക്ടർമാർ
2. ബന്ധപ്പെട്ട പ്രിൻസിപ്പൾമാർക്ക്
3. ബന്ധപ്പെട്ട മേഖല ഓഫീസർമാർക്ക്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
5. എസ്.എഫ്/ഒ.സി

ഉത്തരവിൻ പ്രകാരം

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

# പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

പൊതു വിദ്യാഭ്യാസ വകുപ്പ് - വി.എച്ച്.എസ്.ഇ. വിഭാഗം - ജീവനക്കാര്യം - ഗവ.വി.എച്ച്.എസ്.എസ്. ജീവനക്കാരുടെ പൊതു സ്ഥലം മാറ്റം 2019 -വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ അനുകമ്പാർഹ സ്ഥലം മാറ്റം 2019 – അന്തിമ സ്ഥലം മാറ്റ ലിസ്റ്റ് പ്രസിദ്ധീകരിച്ച് – ഉത്തരവാകുന്നു.

---

എസ്റ്റാബ്ലിഷ്മെന്റ് (ഇ.5) സെക്ഷൻ

ഉത്തരവ് നമ്പർ:ഇ.5/ 2155 /19(2)    തിരുവനന്തപുരം, തീയതി, 10.12.2019

---

സൂചന :- 1). 25.02.2017 തീയതിയിലെ ജി.ഒ.(പി)നം.3/2017/ഉ.ഭ പ.വ നമ്പർ സർക്കാർ ഉത്തരവ്

2) 28.03.2018 തീയതിയിലെ സ.ഉ (സാധാ) നം.1271/18 നമ്പർ സർക്കാർ ഉത്തരവ്

3) 5.3.2019 തീയതിയിലെ GEDN/SC2/13/2019/GEDN എന്ന നമ്പറിലെ സർക്കാർ കത്ത്.

4). 5.3.2019 തീയതിയിലെ ഈ ഓഫീസിലെ ഇ7/10750/18 നം.വിജ്ഞാപനം.

5) . 2.4.2019 തീയതിയിലെ GEDN/SC2/13/2019/GEDN എന്ന നമ്പറിലെ സർക്കാർ കത്ത്.

6). 16.3.2019 തീയതിയിലെ ഈ ഓഫീസിൽ നിന്നുമുള്ള ഇ-മെയിൽ

7). 28.5.2019 തീയതിയിലെ ഈ ഓഫീസിലെ ഇ7/10750/2018 നം.പരിപത്രം

8). 27.6.2019, 29.6.2019 തീയതികളിലെ ഈ ഓഫീസിലെ ഇ7/10750/18 നമ്പറിലുള്ള പരിപത്രങ്ങൾ

9). 20.7.19 തീയതിയിലെ എസ്.സി2/100/19/പൊ.വി.വ നമ്പർ സർക്കാർ കത്ത്.

10) 25.7.2019 തീയതിയിലെ ഈ ഓഫീസിലെ ഇ7/10750/18 നമ്പറിലുള്ള പരിപത്രം.

11). 26.7.2019 തീയതിയിലെ ഈ ഓഫീസിലെ ഇ4/2513/19 നമ്പർ പരിപത്രം.

12). 8.8.2019 തീയതിയിലെ ഈ ഓഫീസിലെ ഇ5/2155/19 നമ്പർ അലോട്ട്മെന്റ് പട്ടിക.

13). 16.8.2019 തീയതിയിലെ ഈ ഓഫീസിലെ ഇ1/2856/19 (2) നമ്പർ പരിപത്രം.

<u>**ഉത്തരവ്**</u>

പരാമർശം (2) പ്രകാരം വി.എച്ച്.എസ്.ഇ വകുപ്പിലെ പൊതുസ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം നിർണ്ണയിച്ച് സർക്കാർ ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം അംഗീകരിക്കപ്പെട്ട 2018-19 അദ്ധ്യയന വർഷത്തിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി 2019 ലെ പൊതുസ്ഥലംമാറ്റ നടപടികൾ സ്വീകരിക്കാൻ പരാമർശം (3) പ്രകാരം സർക്കാർ നിർദ്ദേശം ലഭിച്ചിരുന്നു. ടി നിർദ്ദേശമനുസരിച്ച് പരാമർശം (4) പ്രകാരം 2019 ലെ പൊതുസ്ഥലംമാറ്റം വിജ്ഞാപനം വകുപ്പ് പുറപ്പെടുവിച്ചിരുന്നു. ഓരോ തസ്തികയിലുമുള്ള Open/Replacement vacancy യുടെ 10% ആണ് അനുകമ്പാർഹ സ്ഥലം മാറ്റത്തിന് അനുവദിക്കുന്നതെന്നും, ഒരു തസ്തികയിലെ ഒഴിവ് മറ്റൊരു തസ്തികയിലേക്ക് അനുവദിക്കുന്നതല്ല എന്നും, യോഗ്യരായ അപേക്ഷകരില്ലെങ്കിൽ അനുകമ്പാർഹ സ്ഥലം മാറ്റത്തിന് നീക്കി വയ്ക്കപ്പെട്ട ഒഴിവ് പൊതു സ്ഥലം മാറ്റത്തിൽ നികത്തപ്പെടുന്നതാണെന്നും പരാമർശം (4) വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നു. പരാമർശം (5) പ്രകാരം സർക്കാർ അനുമതിയും ലഭിച്ചിരുന്നു. പരാമർശം (6) പ്രകാരം അനുകമ്പാർഹ സ്ഥലംമാറ്റ അപേക്ഷകൾ 26.3.2019 ന് വൈകുന്നേരം 3 മണി വരെ സ്വീകരിച്ചു. അനുകമ്പാർഹ സ്ഥലം മാറ്റ അപേക്ഷ യഥാസമയം സമർപ്പിക്കാൻ സാധിച്ചില്ല എന്ന പരാതികൾ അവസരം ലഭിക്കാത്തവർക്കായി പരാമർശം (7) പ്രകാരം ഒരു അവസരം കൂടി അനുവദിച്ച് 30.5.2019 ന് വൈകുന്നേരം 3 മണി വരെ സമയം നൽകി. ലഭ്യമായ അപേക്ഷകൾ തിരുവനന്തപുരം ഗവ.മെഡിക്കൽ കോളേജ് സൂപ്രണ്ട് നിയോഗിച്ച ഡോക്ടർ പരിശോധിക്കുകയും അർഹമായവരെ റാങ്ക് ചെയ്യുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ടി റാങ്ക് ലിസ്റ്റിലെ ചില തസ്തികകളിലെ റാങ്കുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചതിനാൽ പരാമർശം (9) പ്രകാരം "അനുകമ്പാർഹ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ച വിഷയങ്ങളിലെ എല്ലാ അപേക്ഷകളും ചികിത്സ/അവശത സംബന്ധിച്ച് മെഡിക്കൽ ബോർഡ് മുമ്പാകെ വീണ്ടും പരിശോധന നടത്തേണ്ടതും ടി മെഡിക്കൽ ബോർഡിന്റെ കൂടി സർട്ടിഫിക്കറ്റ്

പരിഗണിച്ച് മാത്രമേ അനുകമ്പാർഹ സ്ഥലം മാറ്റത്തിനുള്ള അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ പാടുള്ളൂ " എന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ റാങ്കുമായി ബന്ധപ്പെട്ട പരാതികളില്ലാത്ത വിഷയങ്ങളുടെ അനുകമ്പാർഹ സ്ഥലം മാറ്റ അലോട്ട്മെന്റ് (7) മുതൽ (13) വരെയുള്ള പരാമർശങ്ങൾ പ്രകാരം പ്രസിദ്ധീകരിച്ചു.

ചുവടെ ചേർത്തിരിക്കുന്ന അലോട്ട്മെന്റ് പട്ടിക പ്രകാരം 2019 - 2020 ലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ മെഡിക്കൽ ലബോറട്ടറി ടെക്നോളജി തസ്തികയിലെ അനുകമ്പാർഹ സ്ഥലം മാറ്റം ഈ ഓഫീസ് ഉത്തരവ് തീയതിയായ 10.12.2019 പ്രാബല്യത്തിൽ നടപ്പിലാക്കി ഉത്തരവാകുന്നു.

| Sl.No | Name & Designation | Present school | school to which transferred |
|---|---|---|---|
| 1 | Rajani.R<br>Vocational Instructor in MLT | GVHSS Pathanamthitta | Retained in the same school |
| 2 | Ansar.K<br>Vocational Instructor in MLT | GVHSS for Boys Kollam | GVHSS Karunagappally |
| 3. | Dileep.A.S<br>Vocational Instructor in MLT | GVHSS for Girls Peruva | Retained in the same school |

ഏതെങ്കിലും വൊക്കേഷണൽ ഇൻസ്ട്രക്ടർമാർ തെറ്റായ വിവരങ്ങൾ നൽകി അനർഹമായി അനുകമ്പാർഹ സ്ഥലം മാറ്റം നേടിയിട്ടുള്ളതായി പിന്നീട് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം പ്രസ്തുത സ്ഥലം മാറ്റം റദ്ദ് ചെയ്യുന്നതും, തെറ്റായ വിവരങ്ങൾ സമർപ്പിച്ച വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്. ടി അനുകമ്പാർഹ സ്ഥലം മാറ്റത്തിന്റെ കാലാവധി അടുത്ത പൊതുസ്ഥം മാറ്റ ഉത്തരവ് നിലവിൽ വരുന്ന തീയതിവരെയായിരിക്കും. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ അനുകമ്പാർഹ സ്ഥലം മാറ്റം ലഭിച്ച വൊക്കേഷണൽ ഇൻസ്ട്രക്ടർമാരെ 11.12.2019 തീയതിയിൽ തന്നെ വിടുതൽ ചെയ്യേണ്ടതാണ്.

ടിയാളുകളെ ജോലിയിൽ പ്രവേശിപ്പിച്ച ശേഷം ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ജോയിനിംഗ് റിപ്പോർട്ട് ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതാണ്.

(ഒപ്പ് )
**ജീവൻബാബു.കെ IAS**
**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താക്കൾ :-

1. ബന്ധപ്പെട്ട വൊക്കേഷണൽ അദ്ധ്യാപകർ
2. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ
3. ബന്ധപ്പെട്ട മേഖലാ ആഫീസർമാർ
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള
5. എസ്.എഫ്./ഒ.സി.

ഉത്തരവിൻ പ്രകാരം

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ആർ 10.12.2019.